പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2506 05/02/2018 -ൽ മറുപടിയ്ക്ക്

## ടൂറിസം മേഖലയുടെ ഉന്നമനത്തിനായി പദ്ധതികൾ

| ചോദ്യം<br>ശ്രീ. പാറക്കൽ അബ്ദുല്ല: | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ,<br>( സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി). | |
|---|---|---|---|
| എ) | സംസ്ഥാനത്ത് മദ്യനയം തിരുത്തിയെങ്കിലും ടൂറിസം മേഖലയെ പ്രതീക്ഷിച്ച വളർച്ചയിലേക്കെത്തിക്കാൻ ടൂറിസം വകുപ്പിനായില്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | എ) | 2017 സെപ്റ്റംബർ വരെ കേരളം സന്ദർശിച്ച വിനോദ സഞ്ചാരികളുടെ കണക്കുകൾ മാത്രമാണ് ഫൈനലൈസ് ചെയ്തിട്ടുള്ളത്. 2017 ജൂൺ മാസമാണ് പുതിയ മദ്യനയം നിലവിൽ വന്നത്. അതിനുശേഷം 2017 ജൂൺ, ജൂലൈ മാസങ്ങളിൽ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ജി.എസ്.ടി നിലവിൽ വന്നശേഷം ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ആഭ്യന്തര,വിദേശ വിനോദസഞ്ചാരികളുടെ വളർച്ചാ നിരക്ക് കുറയുകയുണ്ടായിട്ടുണ്ട്. എന്നാൽ ചില മാസങ്ങളിൽ വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കുറവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മൊത്തത്തിൽ വർദ്ധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. |
| ബി) | കഴിഞ്ഞ വർഷം ഇതേ കാലയളവിലുണ്ടായ വളർച്ചാനിരക്കുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ വർഷമുണ്ടായ കുറവ് എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ; | ബി) | 2017 വർഷത്തിലെ സെപ്റ്റംബർ മാസം വരെയുള്ള കണക്കുകളാണ് വകുപ്പ് ഫൈനലൈസ് ചെയ്തിട്ടുള്ളത്. 2017 സെപ്റ്റംബർ വരെയുള്ള കണക്കുകൾ 2016 സെപ്റ്റംബർ വരെയുള്ള കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 11.03% ഉം വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 4.23% ഉം വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | കഴിഞ്ഞ ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ വിദേശസഞ്ചാരികളുടെ എണ്ണത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് ഗണ്യമായ കുറവുണ്ടായെന്ന റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; | സി) | 2017 ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ വിദേശസഞ്ചാരികളുടെ എണ്ണം മുൻവർഷത്തേക്കാൾ കുറവാണ്. |
| ഡി | എങ്കിൽ വിദേശസഞ്ചാരികളെയും ആഭ്യന്തര സഞ്ചാരികളെയും ഒരുപോലെ ടൂറിസം രംഗത്തേക്കാകർഷിക്കാൻ പുതിയ ടൂറിസം നയത്തിൽ ലക്ഷ്യമിടുന്നത് എന്തൊക്കെ പദ്ധതികളാണെന്ന് വ്യക്തമാക്കുമോ? | ഡി) | വിദേശസഞ്ചാരികളേയും ആഭ്യന്തര സഞ്ചാരികളേയും ഒരുപോലെ ടൂറിസം കേന്ദ്രങ്ങളിലേക്ക് ആകർഷിക്കുന്നതിനായി ലക്ഷ്യമിടുന്ന പ്രധാന പദ്ധതികൾ താഴെ പറയുന്നവയാണ്.<br>• ബ്രാൻഡ് അംബാസിഡറെ നിയമിക്കുക.<br>• പുത്തൻ വിപണന തന്ത്രങ്ങളുമായി രാജ്യത്തിന് അകത്തും പുറത്തുള്ള പ്രചരണം<br>• പ്രധാന കമ്പോള സ്രോതസുകളിൽ നിന്നും വിപണി ശക്തിപ്പെടുത്തൽ.<br>• ആഗോളതലത്തിൽ നിരീക്ഷണവും പ്രചരണപരിപാടികളും സംഘടിപ്പിക്കും.<br>• ഡിജിറ്റൽ സംവിധാനങ്ങളിലൂടെ വിപണി ശക്തിപ്പെടുത്തുവാനുള്ള നടപടികൾ.<br>• പുതിയ മാർക്കറ്റിംഗ് തന്ത്രങ്ങൾ നടപ്പാക്കി ആവിഷ്കരിക്കൽ.<br>• പൊതു സ്വകാര്യമേഖലയുടെ സഹകരണം ഉറപ്പ് വരുത്തുക.<br>• കേരള ടൂറിസം മാർട്ടിന് ധനസഹായം<br>• സ്വകാര്യമേഖലക്ക് പ്രോത്സാഹനം<br>• ടൂറിസം വെബ് സൈറ്റ് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തൽ.<br>• ചെറുകിട ഇടത്തരക്കാർക്ക് ഒരു പൊതു പ്ലാറ്റ്ഫോം സൃഷ്ടിക്കുക.<br>• കേരളത്തിന്റെ ആഗോള ബ്രാന്റ് ശക്തിപ്പെടുത്തുക. |

സെക്ഷൻ ഓഫീസർ